വിദേശ ലോട്ടറി വില്പന

18(*224) ശ്രീ. എം. വി. ജയരാജൻ :
ശ്രീ. പി. ടി. കുഞ്ഞിമുഹമ്മദ് :
ശ്രീ. ലോനപ്പൻ നമ്പാടൻ :
ശ്രീ. എളമരം കരീം :
ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ വിദേശരാജ്യങ്ങളിലെ ലോട്ടറികൾ വിറ്റഴിയ്ക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇത് സംബന്ധിച്ച് എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ; എന്ന് വ്യക്തമാക്കുമോ ;

(സി) എങ്കിൽ ഏതു വിദേശരാജ്യത്ത് നിർമ്മിച്ച ലോട്ടറിയാണ് സംസ്ഥാനത്ത് വിറ്റഴിക്കപ്പെടുന്നതെന്ന് വെളിവായിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ഡി) സംസ്ഥാനത്തിന്റെ വിവിധഭാഗങ്ങളിൽ വിറ്റഴിക്കപ്പെടുന്ന വിദേശ ലോട്ടറികൾ ലോട്ടറി ക്രമവിക്രയ നിബന്ധനകൾ പാലിച്ചിട്ടുണ്ടോ എന്നതിനെ സംബന്ധിച്ച് എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ഇ) സംസ്ഥാനത്ത് അനധികൃതമായി, വിറ്റഴിക്കപ്പെടുന്ന വിദേശലോട്ടറി വ്യവസായവുമായി ബന്ധപ്പെട്ടവരെ കണ്ടുപിടിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) :

(എ,ബി,സി&ഡി) ഉണ്ട്. ഭൂട്ടാൻ ഭാഗത്തെ ലോട്ടറി ഒഴികെ ഒരു വിദേശ ലോട്ടറിയും കേരളത്തിൽ വിറ്റഴിക്കുന്നതായി അറിവില്ല. കേന്ദ്രഗവൺമെന്റും ഭൂട്ടാൻ ഗവൺമെന്റും തമ്മിലുള്ള കരാറിന്റെ വെളിച്ചത്തിലാണ് ഭൂട്ടാൻ ലോട്ടറി ടിക്കറ്റുകൾ ഇന്ത്യയുടെ വിവിധഭാഗങ്ങളിൽ വില്ക്കപ്പെടുന്നത്. മറ്റു വിദേശ രാജ്യങ്ങളിലെ ഒരു ലോട്ടറിയും നമ്മുടെ സംസ്ഥാനത്ത് വില്ക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) അനധികൃതമായി വിദേശലോട്ടറികൾ സംസ്ഥാനത്ത് വില്ക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly